കേന്ദ്ര നിയമപ്രകാരം മേജർ തുറമുഖങ്ങളുടെ സമീപത്ത് ലാന്റ് accrete ചെയ്യുകയോ reclaim ചെയ്യുകയോ ചെയ്തുകഴിഞ്ഞാൽ ആ ഭൂമി ഷോർട്ട് ട്രസ്റ്റിൽ നിക്ഷിപ്തമാകും. അതുകൊണ്ട് നാം നികത്തേണ്ട ഈ കായൽ ഭൂമി 'ജിഡയ്ക്ക്' അവകാശപ്പെടുന്നതാകണമെങ്കിൽ കേരളാ ഗവണ്മെന്റും കൊച്ചിൻ ഫോർട്ടും ജിഡയുമായി ചേർന്ന് ഒരു ത്രികക്ഷി കരാർ ഉണ്ടാക്കണം. എങ്കിൽ മാത്രമേ ജിഡയിൽ ഭൂമി നിക്ഷിപ്തമാകുകയുള്ളൂ. എന്നാൽ മാത്രമേ ജിഡ ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളെ സമീപിച്ചാൽ പണം കിട്ടുകയുള്ളൂ. ധനകാര്യ സ്ഥാപനങ്ങൾ 84 കോടി രൂപ തരണമെങ്കിൽ അടിയന്തിരമായി ഈ ത്രികക്ഷി കരാർ ഉണ്ടാക്കണം. അല്ലെങ്കിൽ പണം ലഭിക്കുകയില്ല. നിലവിലുള്ള നിബന്ധന അനുസരിച്ച് 1999 ഒക്ടോബർ മാസം മുതൽ തുടങ്ങി 2003 ഒക്ടോബർ മാസത്തിനുള്ളിൽ ഈ പദ്ധതി പൂർത്തിയാക്കണം എന്നാണ്. പദ്ധതി പൂർത്തിയാക്കുവാൻ പണം ലഭിക്കേണ്ടതുണ്ട്. പണം ലഭിക്കുന്നതിനായി ത്രികക്ഷി കരാർ അടിയന്തിരമായി ഒപ്പുവയ്ക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, മേജർ പോർട്ട് ട്രസ്റ്റ് ആക്ട് 1964 അനുസരിച്ച് തുറമുഖത്തിന്റെ അതിർത്തിയിൽ ലഭ്യമാകുന്ന ഭൂമി തുറമുഖ ട്രസ്റ്റിൽ നിക്ഷിപ്തമാകുന്നതാണ്. എറണാകുളത്തെ സമീപത്തുള്ള ദ്വീപസമൂഹങ്ങളുമായി ബന്ധിപ്പിക്കുന്ന പാലം പണിയുടെ വിഭവസമാഹരണം ലക്ഷ്യമാക്കി കായൽ നികത്തിയെടുക്കുന്ന 25 ഹെക്ടർ സ്ഥലം ഗോശ്രീ ദ്വീപ് വികസന അതോറിറ്റിക്ക് ലഭ്യമാക്കേണ്ടതുണ്ട്. ഇതിനുവേണ്ടി ഒപ്പുവയ്ക്കേണ്ട ത്രികക്ഷി കരാറിന്റെ കരടുരൂപം കൊച്ചി തുറമുഖ ട്രസ്റ്റ് തയ്യാറാക്കി നല്കിയിട്ടുണ്ട്. ഇത് പരിശോധിച്ച് ഗോശ്രീ ദ്വീപ് വികസന അതോറിറ്റിയുടേയും സംസ്ഥാന സർക്കാരിന്റേയും താല്പര്യം സംരക്ഷിക്കുംവിധം കരാർ ഒപ്പവയ്ക്കുന്നതാണ്.

(4) കാർഷിക മേളയുടെ ഭാഗമായി ഒരുക്കിയ ഗജമേളയോടനുബന്ധിച്ചുണ്ടായ ദുരന്തം

ശ്രീ. ഇ.എം. അഗസ്തി : സർ, ഇടുക്കി ജില്ലയിലെ തൊടുപുഴയിൽ ജനുവരി മാസം 8-ാം തീയതി വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി ശ്രീ. പി.ജെ. ജോസഫ് ചെയർമാനായിട്ടുള്ള ഗാന്ധി സ്റ്റഡി സെന്ററിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ഗജമേളയെത്തുടർന്ന് ആന ഇടഞ്ഞ് ജോസ് എന്ന ഒരാൾ മരിക്കുകയും വിവരം അറിഞ്ഞ ജോസിന്റെ പിതാവ് ഹൃദയാഘാതംമൂലം മരിക്കുകയും ചെയ്ത സംഭവത്തെ സംബന്ധിച്ച് ജുഡിഷ്യൽ അന്വേഷണം നടത്തണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. ആ ഗജമേളയോടനുബന്ധിച്ചുള്ള ചടങ്ങളിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞാനും പങ്കെടുത്തിരുന്നു. അന്ന് വൈകുന്നേരം ബഹുമാനപ്പെട്ട വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി വിളിച്ചുകൂട്ടിയ പത്രസമ്മേളനത്തിൽ ഗജമേളയിൽ ദുരന്തം ഉണ്ടാകാനുള്ള കാരണം പോലീസിന്റെ കുറ്റകരമായ അനാസ്ഥയാണെന്ന് ആരോപിച്ചു. അതുപോലെ രാഷ്ട്രീയ പാർട്ടികളുടെ ഗൂഢാലോചനയും ഈ ദുരന്തത്തിന് കാരണമാണെന്ന് ബഹുമാനപ്പെട്ട മന്ത്രി ആരോപിച്ചിരുന്നു. മന്ത്രിയുടെ ആരോപണത്തെത്തുടർന്ന് തൊടുപുഴ ഡിവൈ.എസ്.പി.യേയും സി.ഐ.യേയും പിറ്റേ ദിവസംതന്നെ സ്ഥലം മാറ്റുകയും ഐ.ജി. ശ്രീ. രാജൻ വഡേക്കർ അന്വേഷണം നടത്തുകയും ഉണ്ടായി. ഐ.ജി.യുടെ അന്വേഷണ റിപ്പോർട്ടിൽ സംഘാടകരുടെ ഭാഗത്തു നിന്നുള്ള കുറ്റകരമായ അനാസ്ഥയാണ് ദുരന്ത

LIBRARY ARCHIVES Kerala Legislative Assembly

ത്തിനു കാരണമെന്ന് റിപ്പോർട്ടു ചെയ്തതായിട്ടാണ് അറിയുവാൻ കഴിഞ്ഞത്. ബഹുമാനപ്പെട്ട മന്ത്രി പോലീസിനും രാഷ്ട്രീയ പാർട്ടികൾക്കും എതിരായി ആരോപണം ഉന്നയിച്ച സാഹചര്യത്തിൽ യഥാർത്ഥ വസ്തുത പുറത്തുകൊണ്ടുവരുന്നതിന് ജുഡീഷ്യൽ അന്വേഷണം വേണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. ജുഡീഷ്യൽ അന്വേഷണത്തിനു കാലതാമസം ഉണ്ടാകുമെന്ന് പറഞ്ഞുകൊണ്ട് റവന്യൂ സെക്രട്ടറിയെക്കൊണ്ട് അന്വേഷിപ്പിക്കുവാനാണ് ഗവണ്മെന്റ് തീരുമാനിച്ചത്. മൂന്നുമാസം കഴിഞ്ഞിട്ടും റവന്യൂ സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ടും പുറത്തുവന്നിട്ടില്ല. ചില പത്രങ്ങളിൽനിന്നും മനസ്സിലാക്കുവാൻ കഴിഞ്ഞത് സംഘാടകരുടെ ഭാഗത്ത് കുറ്റകരമായ അനാസ്ഥ ഉണ്ടെന്നാണ് റവന്യൂ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നാണ്. ജുഡീഷ്യൽ അന്വേഷണത്തിന് കാലതാമസം ഉണ്ടാകുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. എന്നാൽ റവന്യൂ സെക്രട്ടറിയുടെ അന്വേഷണം തുടങ്ങിയിട്ട് ഇപ്പോൾ മൂന്നു മാസം പിന്നിട്ടുകഴിഞ്ഞിരിക്കുന്നു. അവിടത്തെ ഗജമേളയ്ക്കു വേണ്ടി എല്ലാ നിയമങ്ങളും ലംഘിക്കപ്പെട്ടിരുന്നു. പൊതുനിരത്തുകളിൽ വാഹന ഗതാഗതം തടസ്സപ്പെടുത്തരുതെന്ന ഉത്തരവ് ലംഘിച്ചു. 500 ബസ്സുകൾ സർവ്വീസ് നടത്തുന്ന ബസ് സ്റ്റാന്റ് അടച്ചിട്ടു.

<u>മി. സ്പീക്കർ</u> : ഡീറ്റെയിൽസൊന്നും വേണ്ട.

<u>ശ്രീ. ഇ.എം. അഗസ്തി</u> : വളരെ പെട്ടെന്ന് അവസാനിപ്പിക്കാം. ഇതൊരു പ്രധാനപ്പെട്ട പ്രശ്നമായതുകൊണ്ടാണ്.

<u>മി. സ്പീക്കർ</u> : അധികം ഡീറ്റെയിൽസ് വേണ്ട. അതിന്റെ ആവശ്യമില്ല.

സർ, ഇതിനേക്കാൾ പ്രധാനപ്പെട്ട പ്രശ്നമെന്നു പറയുന്നത് , ഈ മരണമുണ്ടായശേഷം ആ കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയിൽ നിന്ന് മറച്ചു വെച്ചു എന്ന് കേരളത്തിലെ മുഴുവൻ ആളുകളും ഞങ്ങളും സംശയിക്കുന്നു. അങ്ങനെയൊരു മരണം സംഭവിക്കുമെന്നറിഞ്ഞെങ്കിൽ തീർച്ചയായും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ ചടങ്ങിൽ പങ്കെടുക്കുമായിരുന്നില്ലായെന്നു ഞാൻ വിശ്വസിക്കുകയാണ്. ബഹുമാനപ്പെട്ട സാംസ്ക്കാരിക വകുപ്പുമന്ത്രി ഈ ഗജമേളയിൽ പങ്കെടുക്കുന്നതിനു വേണ്ടി അവിടെ എത്തിയതാണ്. ദുരന്തമറിഞ്ഞ് അദ്ദേഹം മടങ്ങിപ്പോയി...

<u>മി. സ്പീക്കർ</u> : വിശദീകരണത്തിന്റെ ആവശ്യമില്ല. സബ്മിഷൻ നടത്തുക.

<u>ശ്രീ. ഇ.എം.അഗസ്തി</u> : സർ, ജുഡീഷൽ അന്വേഷണം വേണമെന്നു ഞങ്ങൾ പറയാനുള്ള കാരണം, ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൈകാര്യം ചെയ്യുന്ന പോലീസ് വകുപ്പിലെ ഉദ്യോഗസ്ഥൻമാർക്കെതിരായി അദ്ദേഹത്തിന്റെ മന്ത്രിസഭയിലെ അംഗമായ ശ്രീ. പി.ജെ. ജോസഫ് തന്നെ ആരോപണമുന്നയിക്കുന്നു എന്നതാണ്. അതീവ ഗുരുതരമായൊരു കാര്യമാണിത്. ഐ.ജിയുടെയും റവന്യൂ സെക്രട്ടറിയുടെയും അന്വേഷണ റിപ്പോർട്ടുകൾ പുറത്ത് വന്നിട്ടില്ല. ഈ സാഹചര്യത്തിൽ സംഘാടകരുടെ ഭാഗത്ത് കുറ്റകരമായ അനാസ്ഥയുണ്ടെന്ന് പൊതുജനങ്ങൾ സംശയിക്കുന്ന സാഹചര്യം നിലനിൽക്കുന്നതിനാൽ യഥാർത്ഥ വസ്തുതകൾ പുറത്ത്വരത്തക്ക നിലയിൽ ജുഡീഷ്യൽ അന്വേഷണം നടത്തണം. ഒരു തർക്കവുമുണ്ടാകാത്ത രീതിയിൽ ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഇ.കെ നായനാർ) : സ്പീക്കർ സർ, തൊടുപുഴയിൽ ഗാന്ധി സ്റ്റഡി സെന്ററിന്റെ ആഭിമുഖ്യത്തിൽ ജനുവരി 3 മുതൽ 8 വരെ കാർഷിക മേള 2000 എന്ന പേരിൽ ഒരു പ്രദർശന മേള നടന്നു. മേളയോടനുബന്ധിച്ച് കലാ-സാംസ്ക്കാരിക-കായിക പരിപാടികൾ നടന്നിരുന്നു. മേളയുടെ സമാപന ദിവസമായിരുന്ന ജനുവരി 8 ന് ഗജഘോഷയാത്ര നടന്നപ്പോൾ 5 കുട്ടിയാനകൾ ഇടഞ്ഞ് ഓടി . ഈ അവസരത്തിൽ ഘോഷയാത്ര കാണാൻ വന്ന ജനക്കൂട്ടം നാലുപാടും ചിതറി ഓടുകയും അതിൽ പരിക്കുപറ്റിയ ജോസ് ആശുപത്രിയിൽ കൊണ്ടുപോകുന്ന വഴിയിൽ മരണപ്പെടുകയും ചെയ്തു. ഇതു സംബന്ധിച്ചു തൊടുപുഴ പോലീസ് സ്റ്റേഷനിൽ ക്രൈം 17/2000 നംപരായി ഒരു കേസ് രജിസ്റ്റർ ചെയ്യുകയും അന്വേഷണ ചുമതല ക്രൈംബ്രാഞ്ചിനു കൈമാറുകയും ചെയ്തിട്ടുണ്ട്. അന്വേഷണം ത്വരിതപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഗജമേളയോടനുബന്ധിച്ചുണ്ടായ ദുരന്ത സംഭവത്തെക്കുറിച്ച് അന്വേഷിക്കാൻ റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ശ്രീ. വി.എസ് സെന്തിൽ ഐ.എ.എസ്സ് നെ സർക്കാർ നിയോഗിച്ചിരുന്നു. അദ്ദേഹത്തിന്റെ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലിരിക്കുകയാണ്.

(5) അടൂർ താലൂക്കിലെ ഫാക്ടറി കെട്ടിടം പണി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സ്പീക്കർ സർ, അടൂർ താലൂക്കിലെ ഏനാദിമംഗലം പഞ്ചായത്തിൽ മാരൂരിൽ വനിതാ വ്യവസായ സംരഭത്തിനായി വ്യവസായ വകുപ്പ് എസ്.എസ്.ഐ രജിസ്ട്രേഷൻ നൽകിയ സ്ഥലത്ത് ഫാക്ടറി ഉടമകൾ കെട്ടിടം പണിക്കായി 30 സെന്റ് സ്ഥലം മണ്ണിട്ടു നികത്തി. പ്രസ്തുത സ്ഥലത്ത് ഫാക്ടറി പണി ആരംഭിക്കാനുള്ള പ്രാഥമിക നടപടികളും പൂർത്തിയായതാണ്. എന്നാൽ കെ.എസ്.യുവിന്റെ നേതൃത്വത്തിൽ ഏതാനും ആൾക്കാർ ആധുനിക ഉപകരണങ്ങളുമായി അവിടെ എത്തി ഈ ഫാക്ടറിയ്ക്കു വേണ്ടി ഫാക്ടറി സെറ്റിൽ ഇട്ടിരുന്ന മണ്ണ് വാരിക്കൊണ്ടുപോയി. മാത്രവുമല്ല, ജനകീയാസൂത്രണം വഴി പണി നടത്തുന്ന ഒരു കോൺട്രാക്റ്ററുടെ വർക്ക് സെറ്റിൽ ഈ മണ്ണ് കൊണ്ടുപോയി ഇടുകയാണുണ്ടായത്. വനിതാ വ്യവസായ സംരഭത്തിനാവശ്യമായ അനുമതി വ്യവസായ വകുപ്പ് നൽകുകയും അതേ സമയം ഒരു പറ്റം ആളുകൾ വനിതാ വ്യവസായ സംരഭത്തിനെതിരായിട്ടുള്ള പ്രവർത്തനം നടത്തുകയും ചെയ്യുകയാണ്. അധികൃതർ ഇത് തടയുന്നതിനുവേണ്ടി നടപടി എടുക്കാതെ അവർക്ക് മൗനാനുവാദം കൊടുക്കുകയാണ് ചെയ്തത്. കേരളത്തിൽ വ്യാപകമായി വ്യവസായ ആവശ്യത്തിന് ഭൂമി മണ്ണിട്ട് ഉയർത്താറുണ്ട്. അവിടെയെല്ലാം ഫാക്ടറികൾ സ്ഥാപിക്കുന്നതിന് ഗവൺമെന്റ് അനുമതിയും നൽകുന്നുണ്ട്. മാരൂരിലെ ഈ പ്രത്യേക സംഭവത്തിൽ മാത്രം ഇത്രയും ഗുരുതരമായ നിയമ ലംഘനമുണ്ടായിട്ടും ഗവൺമെന്റ് എന്തുകൊണ്ടാണ് നടപടി സ്വീകരിക്കാത്തത്?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, അടൂർ താലൂക്കിൽ ഏനാദിമംഗലം വില്ലേജിൽ ബ്ലോക്ക് 26 ൽ റീ സർവ്വെ 511/1,511/2,511/3,511/4 എന്നീ നബരുകളിൽ ഉൾപ്പെട്ട നെൽക്കൃഷിക്കനുയോജ്യമായ 10 ആർ വിസ്തീർണ്ണമുള്ള നിലം വസ്തു ഉടമ സർക്കാരിന്റെ അനുവാദമില്ലാതെ കെ.എൽ.യു. ഉത്തരവിന് വിരുദ്ധമായി മണ്ണിട്ട് നികത്തി. പ്രസ്തുത നടപടിയ്ക്കെതിരെ അടൂർ ആർ.ടി.ഒ വസ്തുഉടമയ്ക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. അനധികൃതമായി നിലം നികത്തിയതിൽ പ്രതിഷേധിച്ച് സ്ഥലവാസികൾ മണ്ണിട്ടു നികത്തിയ സ്ഥലത്ത് ഏകദേശം മൂന്നു സെന്റു

LIBRARY ARCHIVES Kerala Legislative Assembly